ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും

53 [2180] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും നിലവിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ വന്നിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

(ബി) ജില്ലാ ജഡ്ജിമാരിൽനിന്നും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നാമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പൂർണ്ണമായ ലിസ്റ്റ് ലഭിക്കാത്തതാണ് കാലതാമസത്തിനുള്ള കാരണം.

കേരള ഓർഫനേജ് കൺട്രോൾ ബോർഡ്

54 [2181] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓർഫനേജ് കൺട്രോൾ ബോർഡിന് സ്വതന്ത്ര ഓഫീസും ആവശ്യമായ ജീവനക്കാരും ഭരണ ചെലവുകൾക്കുള്ള പ്രത്യേക ധനസഹായവും ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന് ഓഫീസ്, സ്റ്റാഫ്, ഫോൺ, വാഹനം മുതലായവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ബോർഡിന്റെ ഭരണ ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് ഹെഡിൽ തുക അനുവദിക്കുവാനും ചെയർമാന്റേയും മറ്റും യാത്രാബത്ത മുതലായവ ബോർഡിൽനിന്നും നേരിട്ടു നൽകാനും നടപടി സ്വീകരിക്കുമോ;

(ഡി) ബോർഡ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടപടികൾ പരിഷ്ക്കരിക്കാനും പോസ്റ്റൽ വോട്ടിംഗ് അനുവദിച്ച് ചട്ടങ്ങൾ ഭേദഗതി വരുത്താനും തയ്യാറാകുമോ?

ഉത്തരം

(എ) കേരള ഓർഫനേജ് കൺട്രോൾ ബോർഡിന് സ്വതന്ത്ര ഓഫീസ് ഇല്ല, എങ്കിലും സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ ഒരു സെക്ഷനും ഒരു യു.ഡി. ക്ലാർക്കിന്റെ സേവനവും വിട്ടുകൊടുത്തിട്ടുണ്ട്. സാമൂഹ്യക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly